**നാഡികോശം / ന്യൂറോൺ**

**ഡെൻഡ്രൈറ്റ്** -തൊട്ടടുത്ത ന്യൂറോണിൽ നിന്ന് സന്ദേശങ്ങൾ സ്വീകരിക്കുന്നു.

**ഡെൻഡ്രോൺ-** ആവേഗങ്ങളെ കോശശരീരത്തിൽ എത്തിക്കുന്ന

**ആക്സോൺ-**കോശശരീരത്തിൽ നിന്ന് ആവേഗങ്ങളെ പുറത്തേക്ക് വഹിക്കുന്നു.



**അക്സോണൈറ്റ്-** ആവേഗങ്ങളെ സിനാപ്റ്റിക് നോബിൽ എത്തിക്കുന്നു.

**സിനാപ്റ്റിക് നോബ്-** നാഡീയപ്രേഷകം സ്രവിക്കുന്നു.

**മസ്തിഷ്കം**




ഇന്ദ്രിയാനുഭവങ്ങൾ, ഐച്ഛികചലനം - **സെറിബ്രം**

ശരീരതുലനനില പാലിക്കുന്ന - **സെറിബെല്ലം**

ഹൃദയസ്പന്ദനം, ശ്വാസോച്ഛ്വാസം എന്നീ അനൈച്ഛിക പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന - **മെഡുല്ല ഒബ്ലോംഗേറ്റ**

ആവേഗങ്ങളുടെ പുനപ്രസരണ കേന്ദ്രം - **തലാമസ്**

ആന്തരസമസ്ഥിതി പാലനം - **ഹൈപോതലാമസ്**

**വിവിധതരം നാഡികൾ**

വിവിധ ശരീര ഭാഗങ്ങൾ -------> മസ്തിഷ്കം : **സംവേദനാഡി**

മസ്തിഷ്കം -------> വിവിധ ശരീര ഭാഗങ്ങൾ : **പ്രേരകനാഡി**

വിവിധ ശരീര ഭാഗങ്ങൾ <-----> മസ്തിഷ്കം : **സമ്മിശ്രനാഡി**

**നാഡീ വ്യവസ്ഥയെ ബാധിക്കുന്ന രോഗങ്ങൾ**

| രോഗങ്ങൾ | കാരണം | ലക്ഷണം |
|---|---|---|
| അൽഷിമേഴ്സ് | തലച്ചോറിലെ ന്യൂറോണുകൾ നശിക്കുന്നു. | ഓർമകൾ ഇല്ലാതാകുന്ന |
| പാർക്കിൻ-സൺസ് | തലച്ചോറിലെ ഗാംഗ്ലിയോണുകളുടെ നാശം | ശരീരത്തിന് വിറയൽ. |
| അപസ്മാരം | തലച്ചോറിൽ ക്രമരഹിത മായ വൈദ്യുത പ്രവാഹം | വായിൽ നിന്ന് നുരയും പതയും വരുക |




| പ്രത്യേകത | ഭാഗങ്ങൾ |
|---|---|
| ദൃഢപടലത്തിന്റെ സുതാര്യമായ മുൻഭാഗം | കോർണിയ |
| മെലാനിൻ ഇരുണ്ട നിറം നൽകുന്ന ഭാഗം. | ഐറിസ് |
| പ്രകാശത്തിന്റെ അളവ് ക്രമീകരിക്കുന്നു. | പ്യൂപിൾ |
| പ്രകാശരശ്മികൾ റെറ്റിനയിൽ കേന്ദ്രീകരിക്കുന്നു. | ലെൻസ് |
| പ്രതിബിംബം രൂപപ്പെടുന്ന, പ്രകാശഗ്രാഹികളുള്ള പാളി. | റെറ്റിന |
| റെറ്റിനയിൽ പ്രകാശഗ്രാഹീകൾ ധാരാളമുള്ള ഭാഗം. പ്രതിബിംബത്തിന് ഏറ്റവും തെളിമയുള്ള ഭാഗം. | പീതബിന്ദു |
| ആവേഗങ്ങളെ മസ്തിഷ്കത്തിലെ എത്തിക്കുന്നു. | നേത്രനാഡി |
| റെറ്റിനയിൽ പ്രകാശഗ്രാഹികളില്ലാത്ത ഭാഗം, നേത്രനാഡി ആരംഭിക്കുന്ന ഭാഗം. | അന്ധബിന്ദു |

**കാഴ്ചയുമായി ബന്ധപ്പെട്ട ഫ്ലോചാർട്ട്**

പ്രകാശം .... കോർണിയ .... അക്വസ് ദ്രവം.... പ്യൂപിൾ .... ലെൻസ് .... വിട്രിയസ് ദ്രവം ... റെറ്റിന ... ആവേഗം ... സെറിബ്രം .... കാഴ്ച

**പ്രകാശഗ്രാഹികൾ**

| കോശം | വർണകം | ധർമം | ആകൃതി |
|---|---|---|---|
| റോഡ് കോശം | റൊഡോപ്സിൻ | മങ്ങിയ വെളിച്ച ത്തിൽ കാഴ്ച |  |
| കോൺ കോശം | ഫോട്ടോപ്സിൻ | നിറങ്ങൾ തിരിച്ചറിയൽ. |  |

**നേത്രവൈകല്യങ്ങൾ**

**നിശാന്ധത:**വിറ്റാമിൻ എ യുടെ കുറവ്.

**സിറോഫ്താൽമിയ:** വിറ്റാമിൻ A യുടെ തുടർച്ചയായ അഭാവം

**വർണാന്ധത:** കോൺകോശങ്ങളുടെ തകരാർ.

**രുചി ഫ്ലോചാർട്ട് - രാസഗ്രാഹികൾ**

ആഹാര കണികകൾ ഉമിനീരിൽ ലയിക്കുന്നു -- സ്വാദ് മുകുളം -- രാസഗ്രാഹികൾ ഉദ്ദീപിപ്പിക്കുന്ന --- ആവേഗങ്ങൾ ഉണ്ടാകുന്ന -- ആവേഗങ്ങൾ സെറിബ്രത്തിലെത്തുന്ന --- രുചി അനുഭവപ്പെടുന്നു.

**ഗന്ധം ഫ്ലോചാർട്ട് – ഗന്ധഗ്രാഹികൾ**

ഗന്ധ കണികകൾ മൂക്കിലേക്ക് ---- ശ്ലേഷ്മത്തിൽ ലയിക്കുന്ന --- ഗന്ധഗ്രാഹികൾ ഉദ്ദീപിക്കുന്ന ---- ആവേഗങ്ങൾ ഉണ്ടാകുന്ന ---- ഗന്ധനാഡി വഴി ആവേഗങ്ങൾ സെറിബ്രത്തിലെത്തുന്ന --- ഗന്ധം അനുഭവപ്പെടുന്നു.

| ഡയബറ്റിസ് | കാരണം | ലക്ഷണം |
|---|---|---|
| പ്രഭാതഭക്ഷണം കഴിക്കുന്നതിനു മുമ്പ് 126mg/100ml നു മുകളിൽ രക്തത്തിൽ ഗ്ലൂക്കോസുള്ള അവസ്ഥ | ഇൻസുലിൻ ഉല്പാദനം കുറവ്. | വർധിച്ച വിശപ്പും ദാഹവും കൂടെക്കൂടെയുള്ള മൂത്രമൊഴിക്കലും |

**വാമനത്വം -** വളർച്ചാ ഘട്ടത്തിൽ **സോമാറ്റോട്രോപിന്റെ** ഉത്പാദനം കുറയുന്നു- വളർച്ച മുരടിരിക്കുന്നു.

**ഭീമാകാരത്വം -** വളർച്ചാ ഘട്ടത്തിൽ സോമാറ്റോട്രോപിന്റെ ഉത്പാദനം കൂടുന്ന - അമിതമായ ശരീരവളർച്ച.

**അക്രോമെഗാലി -** വളർച്ചാ ഘട്ടത്തിനുശേഷം സോമാറ്റോട്രോപിന്റെ ഉത്പാദനം കൂടുന്നു- മുഖം,താടിയെല്ല്, വിരലുകൾ - അസ്ഥികൾ വളരുന്നു.

**Prepared by : JEEJA C, GHS MATHAMANGALAM**

**Non D+ Material 2021**

**ഫിറോമോണുകൾ -**

ഉപയോഗം- ഇണയെ ആകർഷിക്കൽ, ഭക്ഷണലഭ്യത അറിയിക്കൽ.

ഉദാഃ കസ്തൂരിമാനിലെ കസ്തൂരി, വെരുകിലെ സിവെറ്റോൺ.

**സസ്യഹോർമോണുകൾ**

| | |
|---|---|
| എഥിലിൻ | ഇലകളും ഫലങ്ങളും പാകാമാകൽ, **പൊഴിയൽ** |
| അബ്സെസിക് ആസിഡ് | വിത്തിലെ ഭ്രൂണത്തിന്റെ സുപ്താവസ്ഥ, പാകമായ ഇലകൾ,കായ്കൾ എന്നിവ **പൊഴിയൽ.** |

**ക്ഷയം (ബാക്ടീരിയ രോഗം)**

**രോഗകാരി:** മൈക്കോബാക്ടീരിയം ട്യൂബർകുലോസിസ്

**ലക്ഷണങ്ങൾ:** ഭാരക്കുറവ് , ക്ഷീണം, സ്ഥിരമായ ചുമ.

**രോഗപകർച്ച:** ചുമ, തുമ്മൽ എന്നിവയിലൂടെ രോഗാണുക്കൾ വായുവിലൂടെ മറ്റുള്ളവരിലേക്കും വ്യാപിക്കുന്നു.

**ബാധിക്കുന്ന ശരീരഭാഗങ്ങൾ :** ശ്വാസകോശം, വൃക്ക, തലച്ചോറ്.

**വാക്സിൻ :** BCG

**AIDS (വൈറസ് രോഗം)**

**രോഗകാരി:** HIV

**രോഗപകർച്ച: HIV** ബാധിതരുമായുള്ള ലൈംഗിക ബന്ധത്തിലൂടെ, **HIV** ഘടകങ്ങളുള്ള സൂചിയും സിറിഞ്ചും പങ്കുവെക്കുന്നതിലൂടെ, **HIV** അടങ്ങിയ രക്തവും അവയവങ്ങളും സ്വീകരിക്കുന്നതിലൂടെ.

**മലമ്പനി (പ്രോട്ടോസോവ രോഗം)**

**രോഗകാരി:** പ്ലാസ്മോഡിയം

**പകർച്ച:** അനോഫെലിസ് പെൺ കൊതുകിലൂടെ.

**ലക്ഷണങ്ങൾ:** വിറയലോടുകൂടിയ പനി, അമിതവിയർപ്പ്.

**ഹീമോഫീലിയ (ജനിതക രോഗം)**

**കാരണം:** ജീനുകളുടെ തകരാർ.

**ലക്ഷണങ്ങൾ:** ചെറിയ മുറിവിൽ നിന്നുപോലും അമിതമായി രക്തം നഷ്ടപ്പെടുന്നു.

**താൽക്കാലിക ശമനം:** തകരാറിലായ പ്രോട്ടീൻ ഏതെന്ന് കണ്ടെത്തി അത് കുത്തിവയ്ക്കുന്നു.

**കാൻസർ**

**കാരണം:** പുകവലി, വികിരണം, വൈറസ്, പാരമ്പര്യ ഘടകങ്ങൾ.

**ചികിത്സ:** ശസ്ത്രക്രിയ, വികിരണചികിത്സ, രാസചികിത്സ.



**പ്രക്രിയ ഏത്? -**

**ഫാഗോസൈറ്റോസിസ്**

**ഇതിൽ ഉൾപ്പെടുന്ന കോശങ്ങൾ- ന്യൂട്രോഫിൽ, മോണോസൈറ്റ്.**

**ഈ പ്രക്രിയയുടെ പ്രാധാന്യം**

രോഗാണുക്കളെ വിഴുങ്ങി നശിപ്പിക്കുന്നു.

**പനി ഒരു പ്രതിരോധ സംവിധാനമാണോ? എന്തുകൊണ്ട്?** അതെ, ശരീരതാപനില ഉയരുന്നത് രോഗാണുക്കളുടെ പെരുകൽ നിരക്ക് കുറയ്ക്കുന്നു. ഫാഗോസൈറ്റോസിസിന്റെ ഫലപ്രാപ്തി കൂട്ടുന്നു.

**വാക്സിനുകൾ**

**BCG - ക്ഷയം** **OPV - പോളിയോ** **TT - ടെറ്റനസ്**

**ആന്റിബയോട്ടിക്കുകൾ** -**ബാക്ടീരിയയെ നശിപ്പിക്കാൻ**

**ഡോക്ടറുടെ നിർദേശമില്ലാതെ ആൻറിബയോട്ടിക്കുകൾ ഉപയോഗിച്ച് സ്വയം ചികിത്സിക്കുന്നത് നല്ലതാണോ? എന്തുകൊണ്ട്?**

അല്ല, നിരവധി പാർശ്വഫലങ്ങൾ ഉണ്ടാകുന്നു.

**പാർശ്വ ഫലങ്ങൾ:**

ശരീരത്തിലെ ഉപകാരികളായ ബാക്ടീരിയകളെ നശിപ്പിക്കുന്നു.

ശരീരത്തിലെ ചില വിറ്റാമിനുകളുടെ അളവ് കുറയ്ക്കുന്നു.

**രക്തനിവേശനം -ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.**

18 നും 60 നും ഇടയിൽ പ്രായമുള്ളവർക്ക് രക്തം ദാനം ചെയ്യാം.

മൂന്നുമാസത്തിലൊരിക്കൽ രക്തദാനം ചെയ്യാം.

ഗർഭിണികളും മുലയൂട്ടുന്ന സ്ത്രീകളും രക്തം ദാനം ചെയ്യരുത്.

രക്തനിവേശനത്തിന് മുമ്പ് രക്തഗ്രൂപ്പ് പരിശോധന നിർബന്ധമാണ്.

| **രക്തഗ്രൂപ്പ്** | **ആന്റിജൻ** | **ആന്റിബോഡി** |
|---|---|---|
| A | A | b |
| B | B | a |
| AB | A യും B യും | Nil |
| O | Nil | a യും b യും |

**ചിത്രം എന്തിനെ സൂചിപ്പിക്കുന്നു? ന്യൂക്ലിയോടൈഡ്**




**ഡിഎൻഎയിലെ നൈട്രജൻ ബേസുകളുടെ ജോഡി ചേരൽ -**

അഡിനിൻ: തൈമിൻ, ഗ്വാനിൻ : സൈറ്റോസിൻ

**ഡിഎൻഎയിൽ മാത്രം കാണപ്പെടുന്ന നൈട്രജൻ ബേസ്:** തൈമിൻ

**ആർഎൻഎയിൽ മാത്രം കാണപ്പെടുന്ന നൈട്രജൻ ബേസ്: യുറാസിൽ**

ഡി.എൻ.എ, ആർ.എൻ.എ -താരതമ്യം

| ന്യൂക്ലിക് ആസിഡ് | ഇഴകളുടെ എണ്ണം | പഞ്ചസാരയുടെ തരം | നൈട്രജൻ ബേസുകൾ |
|---|---|---|---|
| DNA | 2 (ചുറ്റുഗോവണി) | ഡീഓക്സി റൈബോസ് | അഡിനിൻ, തൈമിൻ, ഗ്വാനിൻ,സൈറ്റോസിൻ |
| RNA | 1 | റൈബോസ് | അഡിനിൻ, യുറാസിൽ ഗ്വാനിൻ,സൈറ്റോസിൻ |

**സ്ത്രീ – 44 + XX, പുരുഷൻ 44 + XY**

ജീൻ മുറിക്കുക- റെസ്ട്രിക്ഷൻ എൻഡോന്യൂക്ലിയേസ് **(ജനിതക കത്രിക)**

ജീൻ പ്ലാസ്മിഡിൽ കൂട്ടിച്ചേർക്കുക – ലിഗേസ് **(ജനിതക പശ)**

ജീൻ വാഹകർ – പ്ലാസ്മിഡ്

**ഡിഎൻഎ ഫിംഗർപ്രിന്റിംഗിന്റെ സാധ്യത -** കുടുംബ പാരമ്പര്യം കണ്ടെത്തുന്നതിന്, യഥാർഥ മാതാപിതാക്കളെ തിരിച്ചറിയാൻ.

**രാസപരിണാമം -എ.ഐ ഒപാരിൻ, ജെ.ബി.എസ് ഹാൽഡേൻ**

**രാസപരിണാമം ഘട്ടങ്ങൾ**

ആദിമഭൂമിയുടെ അന്തരീക്ഷം ---- സമുദ്രം ----ലഘുജൈവകണികകൾ ---- സങ്കീർണ്ണ ജൈവകണികകൾ ---- ന്യൂക്ലിക് ആസിഡുകള്, കൊഴുപ്പ് ആവരണം ---- ആദിമകോശം